(സി) എം.എൽ.എ. (എസ്.ഡി.എഫ്.) മരാമത്ത് പ്രവൃത്തികളുടെ ഫയൽ കൈമാറ്റം വേഗത്തിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റുകൾ, റേറ്റ് പുതുക്കൽ നിലവിൽ വരുമ്പോൾ വീണ്ടും ഭരണാനുമതിക്കായി വിവിധ തലങ്ങളിലൂടെ കൈമാറ്റം ചെയ്യുന്നത് വഴിയുള്ള കാലതാമസം ഒഴിവാക്കുന്നതിനു സ്വീകരിക്കുന്ന നടപടിക്രമങ്ങൾ അറിയിക്കാമോ?

ആദ്യഘട്ടത്തിൽത്തന്നെ കുറ്റമറ്റ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രം എസ്റ്റിമേറ്റിൽ ഭേദഗതി നടത്തിയാൽ മതിയാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

351 (351) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിക്ക് കീഴിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് വീടുകൾ അനുവദിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

ലൈഫ് ഭവന പദ്ധതി മുഖേന നിലമ്പൂർ നിയോജക മണ്ഡലത്തിൽ 405 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|
| Nilambur | 43 |
| Amarambalam | 74 |
| Chungathara | 48 |
| Edakkara | 25 |
| Karulai | 40 |
| Moothadem | 39 |
| Pothukkal | 95 |
| vazhikkadavu | 41 |
| Total | 405 |

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഉൾവനങ്ങളിലെ ആദിവാസി കോളനികളിൽ എൺപത് ശതമാനം പേർക്കും വാസയോഗ്യമായ വീട് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആദിവാസി വിഭാഗത്തിന് ലൈഫ് ഭവന പദ്ധതിയിൽ പ്രത്യേക പരിഗണനയും കൂടുതൽ വീടുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ വിഭാഗത്തിൽപ്പെട്ട സംസ്ഥാനത്തെ മുഴുവൻ അർഹരായ കുടുംബങ്ങൾക്കും ലൈഫ് ഭവനപദ്ധതിയിലൂടെ വാസയോഗ്യവും അടച്ചുറപ്പുള്ളതുമായ ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നത്.

(ഡി) ഇതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-7-2017-ലെ സ.ഉ. (എം.എസ്) നം.151/2017/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം ലൈഫ് മിഷൻ മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും 6-9-2019-ലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ ഭേദഗതിയുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിവരുന്നത്.

**പ്രൈസ് സോഫ്റ്റ്‌വെയർ**

352 (352) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എസ്.ആർ. 2018 നിരക്ക് വർദ്ധന നിലവിൽവന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഉപയോഗിക്കുന്ന പ്രൈസ് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നിരക്ക് എപ്പോൾ പ്രാബല്യത്തിൽ വരും എന്നറിയിക്കാമോ?

ഡി.എസ്.ആർ. 2018 നിരക്ക് വർദ്ധനയ്ക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയർ മാറ്റം വരുത്തുന്നതിന് എൻ.ഐ.സി.-ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 2021 നവംബർ 1 മുതൽ പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ വരുത്തുവാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly